**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8261 — 17.07.2014 ലെ മറുപടിയ്ക്ക്

## "സീ-പ്ലെയിൻ" സർവ്വീസ്

| ചോദ്യം<br>ശ്രീ. പി.സി.ജോർജ് | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം "സീപ്ലെയിൻ" സർവ്വീസ് ആരംഭിക്കുന്നതിനായി ബഡ്ജറ്റിൽ എത്ര തുക വകയിരുത്തുകയുണ്ടായി ; വർഷം തിരിച്ചുള്ള കണക്ക് നല്കുമോ ; | എ) | 2012-13 വർഷം 12 കോടി രൂപയും 2013-14 വർഷം 10 കോടി രൂപയും വകയിരുത്തുകയുണ്ടായി. 2014-15 വർഷം സീപ്ലെയിൻ പദ്ധതിക്ക് പ്രത്യേകമായി തുക ബഡ്ജറ്റിൽ വകയിരുത്തൽ നടത്തിയിട്ടില്ല. |
| ബി) | പ്രസ്തുത പദ്ധതി വഴി ഇതു വരെ സംസ്ഥാനത്തിന് എന്തു നേട്ടമുണ്ടാക്കാൻ കഴിഞ്ഞു ; | ബി) | ഇന്ത്യാ വൻകരയിൽ സീപ്ലെയിൻ സർവ്വീസുകൾ ആരംഭിക്കുക വഴി ടൂറിസം രംഗത്ത് ഒരു നൂതന ഉത്പന്നം കൂടി വിനോദ സഞ്ചാരികൾക്ക് ലഭ്യമാക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതി കേരളത്തിന്റെ ബ്രാന്റ് ഇമേജ് വർദ്ധിപ്പിക്കുന്നതോടൊപ്പം അയൽ സംസ്ഥാനങ്ങളെ വെല്ലുന്ന ഒരു നൂതന ഉല്പന്നം ലഭ്യമാക്കുകയും അതുവഴി ടൂറിസം രംഗത്ത് കൂടുതൽ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുകയും ചെയ്യും എന്നാണ് പ്രതീക്ഷിക്കുന്നത്. |
| സി) | "സീ-പ്ലെയിൻ" സർവ്വീസ് കാര്യത്തിൽ എന്തു തുടർനടപടികളാണ് ഉദ്ദേശിക്കുന്നത്? | സി) | മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ അകറ്റുവാൻ നടപടികൾ സ്വീകരിച്ചുകൊണ്ട് പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ 2014 സെപ്റ്റംബർ മാസത്തോടുകൂടി ആരംഭിക്കുവാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ